**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ :3906**

**12.12.2018 ൽ**
**മറുപടിക്ക്**

**<u>മുക്കം പോലീസ് സ്റ്റേഷൻ കെട്ടിടം</u>**

| <u>ചോദ്യം</u><br>ശ്രീ. ജോർജ് എം. തോമസ് | <u>മറുപടി</u><br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) മുക്കം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി 2018-19 സ്റ്റേറ്റ് പ്ലാനിൽ എത്ര തുകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ; | എ) മുക്കം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി 14.11.2018 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ. (സാധാ) നം. 3328/18/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ നടപ്പ് സാമ്പത്തിക വർഷം 45.310 ലക്ഷം രൂപ കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവിക്ക് അനുവദിച്ചിട്ടുണ്ട്. |
| ബി) ഇതു പ്രകാരം എന്തൊക്കെ സൗകര്യങ്ങളാണ് എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തതെന്ന് വിശദമാക്കുമോ; | ബി) അഡ്മിനിസ്ട്രേറ്റീവ് റൂം, ലിംഗ സൗഹൃദ, ഭിന്നശേഷി സൗഹൃദ, ശിശു സൗഹൃദ സൗകര്യങ്ങളോട് കൂടിയ സന്ദർശന മുറി ഉൾപ്പെടെ ആധുനിക സൗകര്യങ്ങളുള്ള സ്മാർട്ട് ജനമൈത്രി പോലീസ് സ്റ്റേഷനാണ് മുക്കത്ത് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| സി) നിർമ്മാണത്തിനും നിർവ്വഹണത്തിനും പ്രത്യേക ഏജൻസിയെ നിഷ്കർഷിച്ചിട്ടുണ്ടോ;<br>ഡി) നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | സി) യും ഡി) യും പൊതുമരാമത്ത് വകുപ്പാണ് നിർമ്മാണത്തിനും, നിർവ്വഹണത്തിനും വേണ്ട എസ്റ്റിമേറ്റ് വർക്കുകൾ ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ